24

# ഒരു മാതൃകാ പരിവർത്തനം

## (8:26- 40)

എന്റെ പ്രസംഗത്തിന്റെ ആരംഭനാളുകൾ മുതൽ, എനിക്കിഷ്ടപ്പെട്ട പരിവർത്തന ഉദാഹരണമായിരുന്നു ഐത്യോപ്യനായിരുന്ന ഷണ്ഡന്റേത് മറ്റു പരിവർത്തനങ്ങളിൽ ചിലതു വിശദമാക്കുന്നവയാണ് (ഉദാഹരണമായി സ്നാനത്തിന്റെ ഉദ്ദേശം വ്യക്തമാകുന്നതാണ് പ്രവൃത്തി 2 ലേത്); എന്നാൽ ഒരു പരിവർത്തന ചിത്രം മൊത്തത്തിൽ ലളിതവും മനോഹരവുമായതു മോടി പിടിപ്പിക്കുവാൻ പ്രയാസവുമായ ഒന്നാണ് പ്രവൃത്തി 8:26–40 വരെയുള്ളത്. മഹാനായ ഉപദേഷ്ടാവായ മാർഷാൽ കീബിൾ ഇതിനെ "ഒരു മാതൃകാ പരിവർത്തനം" എന്നു വിളിച്ചിരിക്കുന്നു. ജെ. ഡബ്ലിയു. റോബർട്ട്സ് ഇതിനെ "എല്ലാസമയത്തേക്കും ആവശ്യമായ ഘടകങ്ങൾ അടങ്ങുന്ന ഒരു മാതൃക"[1] എന്നു വിളിച്ചിരിക്കുന്നു. ഈ "മാതൃകാ പരിവർത്തനം" നാം പഠിക്കുമ്പോൾ, നാം ഓരോരുത്തരും നമ്മുടെ പരിവർത്തനവുമായി താരതമ്യം ചെയ്യണം.

### ഒരു മാതൃക ഉപദേഷ്ടാവ്: ഫിലിപ്പൊസ്
### (8:26, 27)

നമ്മുടെ വേദഭാഗം ആരംഭിക്കുന്നതു, "അനന്തരം കർത്താവിന്റെ ദൂതൻ[2] ഫിലിപ്പൊസിനോടു, 'നീ എഴുന്നേറ്റു തെക്കോട്ട് യെരുശലേമിൽ നിന്നു ഗസെക്കുള്ള[3] നിർജ്ജനമായ വഴിയിലേക്കു പോക എന്നു പറഞ്ഞു.' (ഇതു ഒരു മരുഭൂമിയിലെ വഴിയാണ്)[4] അവൻ എഴുന്നേറ്റു പുറപ്പെട്ടു" (വാക്യങ്ങൾ 26, 27) മേശയിൽ ശുശ്രൂഷചെയ്യാൻ തിരഞ്ഞെടുത്ത 6–ാം അദ്ധ്യായത്തിലെ ഏഴു പേരിൽ ഒരാളായിരുന്നു ഫിലപ്പൊസ് എന്നു നാം കണ്ടു, പിന്നീട് അവൻ "ഫിലിപ്പൊസ് എന്ന സുവിശേഷകൻ ആയി അറിയപ്പെട്ടു" (21:8).

ആത്മാക്കളെ കുറിച്ചു കരുതലുള്ളവനായതുകൊണ്ടു ഫിലിപ്പൊസ് നമുക്ക് ഒരു മാതൃകയാണ് ശമര്യയിൽ വലിയൊരു നവോത്ഥാനത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു അവൻ. നൂറുകണക്കിന് ആളുകൾ സുവിശേഷത്തോടു പ്രതികരിച്ചു. ദൈവം അവനോടു പോയി, ഒരാളോടു

സുവിശേഷം പറയാൻ ആവശ്യപ്പെട്ടപ്പോൾ അവൻ മടിച്ചില്ല! "അവൻ [ഉടനെ] പുറപ്പെട്ടുപോയി." ഒരു കൂട്ടവും ഫിലിപ്പൊസിനു ചെറുതായി തോന്നിയില്ല!

**ഒരു മാതൃകാ സദസ്സ്:**
**ഷണ്ഡൻ (8:27-31)**

അവനോടു പോകുവാൻ പറഞ്ഞ സ്ഥലത്തു ഫിലിപ്പൊസ് എത്തിയപ്പോൾ, ഇനി എന്ത് എന്ന് അവൻ അതിശയിച്ചിരിക്കും. അധികം സമയം അവന്നു സംശയിക്കേണ്ടി വന്നില്ല, പെട്ടെന്ന് ഒരു തേർ പ്രത്യക്ഷപ്പെട്ടു:[5] "കുന്ദക്ക, ഐത്യോപ്യ രാജ്ഞിയുടെ,[7] ഒരു ഷണ്ഡനും,[6] മഹാനും അവളുടെ സകല ഭണ്ഡാരത്തിനും മേൽ വിചാരകനുമായ ഒരു ഐത്യോപ്യനെ കണ്ടു; അവൻ യെരുശലേമിൽ നമസ്കരിപ്പാൻ വന്നിട്ടു മടങ്ങിപോകയാണ്" (വാകൃങ്ങൾ 27, 28). ഈ ഉയർന്ന രാഷ്ട്രീയ നേതാവ് - സകലഭണ്ഡാരത്തിനും വിചാരകൻ - മതഭക്തിയുള്ളവൻ ആയിരുന്നു! എനിക്കതു കാണാൻ താല്പര്യമുണ്ട്! (മതത്തിനു രാഷ്ട്രീയ മേൽക്കോയ്മയുള്ള ഒരു രാഷ്ട്രമായ അമേരിക്കയിൽ ആയതിനാൽ ഞാൻ സന്തോഷിക്കുന്നു).

ഈ ഉദ്യോഗസ്ഥനെ കുറിച്ചു അധികമൊന്നും നമുക്ക് അറിഞ്ഞുകൂടാ. അയാൾ യെഹൂദനായിരുന്നിട്ട് ഐത്യോപ്യക്കാർ നിർബ്ബന്ധിച്ചു ജോലിയിലാക്കിയതാണോ അതോ ഐത്യോപ്യക്കാരനായിരുന്നിട്ട് യെഹൂദമതാനുസാരിയായി[8] തീർന്നവനാണോ എന്നും അറിഞ്ഞുകൂടാ. നമുക്കിതറിയാം: തന്റെ മതത്തെ അവൻ ഗൗരവമായി കണ്ടു തന്റെ വിശ്വാസത്തിൽ ആത്മാർത്ഥയുള്ളവനും ആയിരുന്നു! തന്റെ വീട്ടിൽ നിന്നു നൂറുകണക്കിനു മൈലുകൾ യാത്ര ചെയ്തു യെരുശലേമിൽ ദൈവത്തെ നമസ്കരിക്കാൻ പോയിരുന്നു. കൂടാതെ, അവൻ യെരുശലേമിൽ എത്തിയപ്പോൾ ദൈവാലയത്തിന്റെ വിശുദ്ധഭാഗത്തു പ്രവേശിക്കാൻ അവനെ അനുവദിച്ചില്ലെങ്കിലും അവൻ ആ ദീർഘയാത്ര മുടക്കിയില്ല!

ഈ ഐത്യോപ്യനായ ഉദ്യോഗസ്ഥന ഒരു ഷണ്ഡനാണെന്നു പറഞ്ഞതെന്തിനെന്നു ഞാൻ സംശയിച്ചു പോയിട്ടുണ്ട് ഒരു ഷണ്ഡനാണെന്നകാര്യം ആരും പരസ്യപ്പെടുത്താറില്ല![9] ആ മനുഷ്യനു ദൈവത്തോടുള്ള അടുത്ത *സമർപ്പണം* വിശദമായി അറിയിക്കുന്നതിനു വേണ്ടിയാണ് ലൂക്കൊസ് പറഞ്ഞതെന്ന് അവസാനം ഞാൻ മനസ്സിലാക്കി. പഴയ നിയമമനുസരിച്ച് വിശുദ്ധസഭയോഗത്തിൽ ഷണ്ഡനു പ്രവേശനം അനുവദിച്ചിരുന്നില്ല (ആവർത്തന പുസ്തകം 23:1).[10] ദൈവാലയത്തിന്റെ പൊതു ഭാഗമായ ജാതികളുടെ പ്രാകാരം വരെ ഐത്യോപ്യൻ ഷണ്ഡനു പോകാമായിരുന്നുള്ളു.[11] അതു ഏതാണ്ട് നാമിന്നു ആയിരക്കണക്കിനു മൈൽ യാത്രചെയ്തു മതപരമായ ശുശ്രൂഷക്കു ഒരു ചർച്ച് ബിൽഡിങ്ങിൽ പോകുന്നതു പോലെയാണ്. നാം പോയാൽ പള്ളിയുടെ മുൻപിൽ തന്നെ സ്ഥാനം നേടും. അതിനു കഴിയല്ലെങ്കിലും ഷണ്ഡൻ തന്റെ യാത്ര മുടക്കിയില്ല. ആരാധിക്കാതിരിക്കുന്നതിനേക്കാൾ നല്ലതാണ് ആരാധനയുടെ ശബ്ദമെങ്കിലും കേൾക്കാൻ കഴിയുന്നതു

എന്നവൻ വിചാരിച്ചു കാണും (ഇന്നു ചിലർ പറയുന്നതു, "എനിക്കു അവിടെ നിന്നു ഒന്നും കിട്ടുന്നില്ല അതുകൊണ്ട് ഞാൻ ആരാധനക്കു പോകുന്നില്ല" എന്നു പരാതിപ്പെടുന്ന വ്യക്തികളാൽ നിന്നു എന്തു വൈപിരീത്യമാണെന്നു നോക്കുക).

ഒരു പക്ഷേ ഷണ്ഡൻ യെരുശലേമിൽ പോയതു പെരുന്നാൾ ദിനത്തിലായിരിക്കാം. സാഹചര്യം എന്തായിരുന്നാലും, അവൻ "മടങ്ങിവരുമ്പോൾ," "തന്റെ തേരിൽ ഇരുന്നു[12] യെശയ്യാ പ്രവാചകന്റെ പുസ്തകം വായിക്കയായിരുന്നു"[13] (വാക്യം 28). ഇതാണ് നമ്മെ ചലിപ്പിക്കുന്ന മറ്റൊരു ചിത്രം: ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥൻ യാത്രയിൽ ബൈബിൾ വായിക്കുന്നു! പൊതു പ്രവർത്തകർ കൂടുതൽ പേർ ഈ മാതൃക പിൻപറ്റുകയാണെങ്കിൽ, നാം ജീവിക്കുന്ന ഈ ലോകം എത്രനന്നായെനെ!

ഉപദേഷ്ടാവിനു സദസ്സിനെ പരിചയപ്പെടുത്തേണ്ട സമയമായി "ആത്മാവ് ഫിലിപ്പൊസിനോടു, 'നീ അടുത്തു ചെന്നു തേരിനോടു ചേർന്നു നടക്ക എന്നു പറഞ്ഞു'" (വാക്യം 29) വീണ്ടും ഫിലിപ്പൊസ് മടിക്കാതെ അനുസരിച്ചു. "അവൻ തേരിനൊപ്പം ചേർന്നു ഓടി, ഫിലിപ്പൊസ് ഓടിച്ചെല്ലുമ്പോൾ യെശയ്യാ പ്രവാചകന്റെ പുസ്തകം വായിക്കുന്നതു കേട്ടു" (വാക്യം 30).[14] അവൻ വായിച്ച വേദഭാഗം യെശയ്യാവ് 53 ആയിരുന്നു. ഫിലിപ്പൊസ് ഉച്ചത്തിൽ അവനോട്, "നീ വായിക്കുന്നതു ഗ്രഹിക്കുന്നുവോ എന്നു ചോദിച്ചു?" (വാക്യം 30). ഫിലിപ്പൊസിന്റെ ഉദ്ദേശം നന്നായിരുന്നു. ഈ മനുഷ്യനെ എവിടെ നിന്നുമാണ് പഠിപ്പിക്കേണ്ടതു എന്നറിയുവാൻ ഒരു പക്ഷേ അവൻ ആഗ്രഹിച്ചിരിക്കും. എങ്കിൽ പോലും ചിലർക്കു ആ വാക്കുകൾ പരിഹാസ്യമായി തോന്നിയേക്കാം പ്രത്യേകമായ രീതിയിൽ ദൈവം അവനെ തിരഞ്ഞെടുത്തതെന്ത് എന്നു കാണിക്കുന്നതായിരുന്നു മറുപടി, "ഒരുത്തൻ പൊരുൾ തിരിച്ചു തരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും എന്നു അവൻ പറഞ്ഞു?" (വാക്യം 31). ഈ വിചാരകൻ "ഒരു മാതൃകാ സദസ്സായിരുന്നു" കാരണം അവന്നു ഒരു *തുറന്ന മനസ്സുണ്ടായിരുന്നു.* പഠിക്കുവാനുള്ള ഒരു മനസ്സുമുണ്ടായിരുന്നു അത്തരം ആളുകളെ കണ്ടെത്തുക എന്നതു എത്ര ആവേശകരം!

സാധാരണ വ്യക്തിക്കു ദൈവേഷ്ടം മനസ്സിലാക്കാൻ പ്രയാസമാണെന്നു ഷണ്ഡന്റെ വാക്കുകൾ പഠിപ്പിക്കുന്നില്ല. രക്ഷയെ സംബന്ധിച്ച്, സഭയെ സംബന്ധിച്ച്, ക്രിസ്തീയ ജീവിതത്തെ കുറിച്ചെല്ലാം ബൈബിളിൽ സ്വയം പഠിച്ച എത്രയോ പേരെ എന്റെ ജീവിതത്തിൽ എനിക്കറിയാം, നമ്മിൽ പലർക്കും ഷണ്ഡനെ പോലെ, സഹായം വേണം എന്ന വസ്തുത അവശേഷിക്കുന്നു, പൗലൊസ് ആദ്യം റോമർക്കു എഴുതിയപ്പോൾ 10-ാം അദ്ധ്യായത്തിൽ ചോദിക്കുന്ന ചോദ്യം ആ അവസരത്തിൽ വ്യക്തമാണ്: "എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും?" (റോമർ 10:14). ദൈവ പദ്ധതിയിൽ ദൈവവചനം പ്രസംഗിക്കയും പഠിപ്പിക്കയും ചെയ്യുന്നയാൾക്കു പ്രത്യേക പങ്കുണ്ട്.

തുറന്ന മനസ്സുള്ള ഈ ഉദ്യോഗസ്ഥന്റെ കഥ വെളിപ്പെടുത്തു ന്നത് ആത്മാർത്ഥ ഹൃദയമുള്ളവർ – തങ്ങൾക്കു ദൈവം ആവശ്യമു ണ്ടെന്നു സമ്മതിക്കും – നാം നോക്കിയാൽ അങ്ങനെയുള്ളവരെ ലോകത്തിൽ കണ്ടെത്താൻ കഴിയും നാം ഇവരെ കണ്ടെത്താതിരി ക്കാൻ കാരണം, ഷണ്ഡനെപ്പോലെ, അവർ വലിയ സ്ഥാനങ്ങളിലിരി ക്കുന്നതുകൊണ്ട്, അവർ ക്രിസ്തുവിനെ സ്വീകരിക്കുവാൻ ശങ്കിക്കും എന്നു നാം വിചാരിക്കുന്നതുകൊണ്ടാണ്. നമുക്കു അവരെ കണ്ടെത്താൻ കഴിയാത്തതിന്റെ കാരണം, ഷണ്ഡനെപ്പോലെ, അവർ ശക്തരായ മതവിശ്വാസികളാണ്, അതുകൊണ്ട് നാം വിചാരിക്കും. അവർ നമ്മളെ ശ്രദ്ധിക്കുകയില്ല എന്ന് നമുക്കു മുൻവിധികൂടാതെ ആത്മാർത്ഥതയുള്ള നല്ല ഹൃദയമുള്ളവരെ അന്വേഷിക്കണം ഒരിക്കൽ അവരെ കണ്ടെത്തിയാൽ, അവരെ കർത്താവിലേക്കു നയിക്കുക!

### പരിവർത്തനത്തിന്റെ മാതൃകാമാർഗ്ഗം: സുവിശേഷം (8:30, 31, 35)

കഥ തുടരുന്നതിനു മുൻപു, അല്പം നിന്നു ഈ മഹാനായ മനുഷ്യന്റെ പരിവർത്തനത്തിനു ദൈവം ഉപയോഗിച്ച *മാർഗ്ഗം* നമുക്ക് ഒന്നു നോക്കാം. അന്യാധീനപ്പെട്ട ഒരു പാപിക്കു അസാധാരണമായ "അനുഭവം" തന്നെ പരിവർത്തനത്തിനു വേണ്ടിവരും എന്നു ചിലർ ഇന്നു വിശ്വസിക്കുന്നുണ്ട്. അന്യാധീനപ്പെട്ടവന്റെ "ഹൃദയത്തിൽ പരിശുദ്ധാത്മാവു പ്രവർത്തിക്കേണ്ട ആവശ്യമുണ്ടെന്ന" കാൽവിനിസ്റ്റ് ഉപദേശത്തെ ഇന്നും ചിലർ പ്രഖ്യാപിക്കുന്നുണ്ട്. ബൈബിൾ പഠിപ്പിക്കുന്നത്, എങ്ങനെയായാലും, അന്യാധീനപ്പെട്ട പാപിയെ രക്ഷി ക്കുവാൻ ദൈവം ഉപയോഗിക്കുന്ന ശക്തി പരിശുദ്ധാത്മാവു നേരിട്ടു പ്രവർത്തിക്കുന്ന അനുഭവമല്ല. പിന്നെയോ അവന്റെ ശക്തിയുള്ള വചനത്താലാണ് പൗലൊസ് പറഞ്ഞു, "*സുവിശേഷത്തെ* കുറിച്ചു എനിക്കു ലജ്ജയില്ല, അതു വിശ്വസിക്കുന്ന ഏവനും രക്ഷക്കുള്ള ദൈവശക്തിയാകുന്നു" (റോമർ 1:16; എംഫസിസ്മൈൻ). "വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു" എ ന്നു അവൻ, പറഞ്ഞു (റോമർ 10:17; എംഫസിസ്മൈൻ).

പരിവർത്തനത്തിനു ദൈവം ഉപയോഗിക്കുന്നതു *വചന*മാ ണെന്ന സത്യം ഐത്യോപ്യൻ ഉദ്യോഗസ്ഥന്റെ പരിവർത്തനത്തിൽ മനോഹരമായി പ്രദർശിപ്പിച്ചിരിക്കുന്നു. കഥയിൽ ഒരു അസാധാരണ ഘടകം അടങ്ങിയിട്ടുണ്ട് എന്നതു വാസ്തവമാണ്: ദൈവം ഫിലിപ്പൊസിനോടു രണ്ടു പ്രാവശ്യം സംസാരിച്ചു (ഒന്നുദൂതൻ മുഖാന്തരവും മറ്റൊന്നു ആത്മാവു മുഖാന്തരവും). അതു "അത്ഭുതകാലഘട്ടമായിരുന്നു," ദൈവം എല്ലാം നിയന്ത്രിച്ചിരുന്നു, കേൾക്കുവാനും വിശ്വസിച്ചു അനുസരിക്കുവാനും ദൈവം തീർച്ചയായും ഷണ്ഡനു ഒരവസരം കൊടുത്തു. ശ്രദ്ധിക്കുക, എങ്കിലും, അന്യാധീനപ്പെട്ട പാപിയോടു ദൈവം സംസാരിച്ചില്ല, മറിച്ചു ഉപദേഷ്ടാ വിനോടു സംസാരിച്ചു. ഷണ്ഡനു "രഹസ്യമായ നേരിട്ടുള്ള ആത്മാവി നാൽ അസാധാരണ അനുഭവമാണ്" ആവശ്യമെങ്കിൽ, ദൈവത്തിനു

ഫിലിപ്പോസിനോട് സംസാരിക്കാതെ – ഷണ്ഡനോട് നേരിട്ടു സംസാരിക്കാമായിരുന്നു സുവിശേഷകനു ഒരു നീണ്ട ഓട്ടം, ഒഴിവാക്കയും ചെയ്യാമായിരുന്നു.

ഷണ്ഡന്റെ ഭാഗത്തു നിന്നു പരിവർത്തനത്തെ ഒന്നു പരിഗണിക്കുക. ഫിലിപ്പൊസിനു കൊടുത്ത ദൈവികസന്ദേശം ഒന്നും ഷണ്ഡനു അറിഞ്ഞുകൂടായിരുന്നു. അവനെ സംബന്ധിച്ച, കഥ ആരംഭിക്കുന്നതു യെശയ്യാവിലെ സ്പഷ്ടമല്ലാത്ത വേദഭാഗവും ഫിലിപ്പൊസിന്റെ "നീ വായിക്കുന്നതു ഗ്രഹിക്കുന്നുവോ?" എന്ന ചോദ്യവുമായാണ് (8:30). അവൻ സുവിശേഷകനെ തേരിൽ ഇരിക്കുവാൻ ക്ഷണിച്ചു, അങ്ങനെ ''ഫിലിപ്പൊസ് അവനോടു ക്രിസ്തുവിനെ പ്രസംഗിച്ചു" (വാക്യം 35). ഫിലിപ്പൊസ് അവനോടു രക്ഷയ്ക്കുള്ള ദൈവശക്തിയായ, സുവിശേഷം ആണ് അറിയിച്ചത് (റോമർ 1:16)! ആ വിചാരകൻ സന്ദേശം കേട്ടപ്പോൾ, വിശ്വസിച്ചു അനുസരിച്ചു (8:36–39). "പറഞ്ഞതിലപ്പുറമായ ചില തോന്നലുകളാൽ" ആയിരുന്നില്ല അവൻ രക്ഷിക്കപ്പെട്ടത്, മറിച്ച് പ്രസംഗമാണ് അവന്റെ മനസ്സിൽ വിശ്വാസം ജനിപ്പിച്ചത (റോമർ 10:17)! സത്യസന്ധനായ പാപിയും സുവിശേഷകനും ഒരുമിക്കുക എന്നതാണ് – ദൈവപദ്ധതി പിന്നെയുള്ള ജോലി വചനത്തിന്റേതാണ്! നിങ്ങൾ രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, നിങ്ങൾ അത്ഭുതങ്ങൾക്ക് കാത്തിരിക്കാതെ, സുവിശേഷം കേട്ടു, വിശ്വസിക്കയും, അനുസരിക്കയും ചെയ്യുക!

ദൈവത്തിന്റെ ഇടപെടൽ ഈ കാര്യത്തിൽ ഉണ്ടായെങ്കിൽ, ഈ അന്യാധീനപ്പെട്ട പാപിയിൽ അസാധാരണ അനുഭവം ജനിപ്പിച്ചില്ല, നഷ്ടപ്പെട്ടവരോടുള്ള ദൈവത്തിന്റെ കരുതൽ ആണ് അവിടെ കാണിച്ചതു, എന്നു ഞാൻ കരുതുന്നു. പ്രത്യേകിച്ചു നഷ്ടപ്പെട്ട "സത്യസന്ധരായ നല്ല [ഹൃദയങ്ങൾ]" (ലൂക്കൊസ് 8:15). ആത്മാർത്ഥമായി സത്യന്വേഷികൾക്കു അതു *കണ്ടെത്താൻ* ദൈവം സഹായിക്കും എന്നും, അതിൽ അടങ്ങിയിരിക്കുന്നതായും ഞാൻ വിശ്വസിക്കുന്നു (മത്തായി 7:7, 8). സത്യസന്ധരായ സ്ത്രീപുരുഷന്മാർ അന്വേഷിച്ചതിന്റെ ഫലമായി അവർ ദൈവവചനം ശരിയായി പഠിപ്പിക്കുന്ന വ്യക്തിയെത്തന്നെ കണ്ടെത്തിയ അനവധി ഉദാഹരണങ്ങൾ മനസ്സിലേക്കു വരുന്നുണ്ട് അതൊന്നും യാദൃശ്ചികമെന്നു വിവരിക്കാവുന്നതല്ല.[15]

ടെക്സാസിലെ, വാക്കോ എന്ന സ്ഥലത്തിനടുത്തു വെച്ചു പരിചയപ്പെട്ട ഒരു യുവാവിനെ പറ്റി റിക് അത്‌ലെ പറയുകയുണ്ടായി. വാർഡ് എന്നായിരുന്നു അയാളുടെ പേർ അയാൾ ബ്രൂക്ക്ലി നിലെ വീഥികളിലായിരുന്നു വളർന്നത് എന്നാൽ അയാൾ ഡള്ളാസ് എന്ന സ്ഥലത്തേക്കു മാറി. ഒരു ദിവസം, അധികം താമസിയാതെ അയാൾ അവിടെ എത്തി. അയാൾ ബസ്സിലാണ് യാത്ര ചെയ്തിരുന്നത്. തൊട്ടടുത്തിരുന്ന ഒരു പെൺകുട്ടിയോടു അയാൾ സംസാരിക്കാൻ തുടങ്ങി അവൾ അയാളെ സഭയിലേക്കു ക്ഷണിച്ചു വാർഡ് പള്ളിയിൽ പോകുന്ന ആളായിരുന്നില്ല പക്ഷെ സ്നേഹത്തോടെയാണ് വാർഡിനോടു സംസാരിച്ചത് അതങ്ങനെ തന്നെ ആകണം എന്നവൻ ചിന്തിച്ചു. അവരെ വീണ്ടും കാണുവാൻ അയാൾ അടുത്തയാഴ്ചയും

പോയി പെട്ടെന്നു അയാൾ ഒരു ക്രിസ്ത്യാനിയായിതീർന്നു റിക് പറഞ്ഞു, വാർഡ് ആ പ്രാർത്ഥനായോഗത്തിനു ചുറ്റും നടന്നു ആളുകളോടു ചോദിക്കയായിരുന്നു, "നിങ്ങൾ ഒരു ക്രിസ്ത്യാനിയാണോ? ഞാൻ എങ്ങനെ ഒരു ക്രിസ്ത്യാനിയായി എന്നു ഞാൻ പറയട്ടെ!"[16] ഒരു നിമിഷത്തേക്കു ഈ കഥയെ ഒന്നു ചിന്തിക്കുക. വാർഡ് ബസിൽ ഇരിക്കുന്നതും ആ പ്രത്യേക സ്ത്രീ അയാളെ ആരാധനക്കു ക്ഷണിച്ചതിനെല്ലാം എതിരായി എന്തു വിചിത്രമാണുണ്ടായത്? വാക്യവും അനുഭവവും എന്നെ ബോധ്യമാക്കിയത്, ഒരാത്മർത്ഥ അന്വേഷണങ്ങൾ അന്വേഷിച്ചാൽ ദൈവം തന്റെ കരുണാധിക്യത്താൽ സത്യം പഠിക്കുവാൻ, അയാൾക്ക് ഒരു വഴി ഒരുക്കും!

സത്യസന്ധമായ ഹൃദയങ്ങൾ നമുക്കു ഓരോരുത്തർക്കും ഉണ്ടാകേണ്ട പ്രാധാന്യം എത്ര വലുതാണ് (ലൂക്കൊസ് 8:15), ദൈവവഴി ഉത്സാഹത്തോടെ *അന്വേഷിക്കയും* (യോഹന്നാൻ 5:39; പ്രവൃത്തി 17:11), *സത്യത്തെ* സ്നേഹിക്കയും വേണം (2 തെസ്സലൊനിക്യർ 2:10)!

### മാതൃകാസന്ദേശം: യേശു
### (8:31-35)

ഷണ്ഡന്റെ ജീവിതത്തെ മാറ്റിയ സന്ദേശം കാണുവാൻ നമുക്കു കഥയിലേക്കു മടങ്ങി വരാം:

> ഫിലിപ്പൊസ് കയറി, തന്നോടു കൂടെ ഇരിക്കേണം എന്നു അവൻ അപേക്ഷിച്ചു. തിരുവെഴുത്തിൽ അവൻ വായിച്ച ഭാഗമാണിതു: "അറുക്കുവാനുള്ള ആടിനെപ്പോലെ അവനെ കൊണ്ടുപോയി; രോമം കത്രിക്കുന്നവന്റെ മുമ്പാകെ മിണ്ടാതിരിക്കുന്ന കുഞ്ഞാടിനെപ്പോലെ, അവൻ വായ് തുറക്കാതിരുന്നു. അവന്റെ താഴ്ച്ചയിൽ അവന്നു ന്യായം കിട്ടാതെ പോയി; അവന്റെ തലമുറയെ ആർ വിവരിക്കും? ഭൂമിയിൽ നിന്നു അവന്റെ ജീവനെ എടുത്തുകളയുന്നുവല്ലൊ" (8:31–33).

നാം വായിക്കുന്ന വേദഭാഗം, യെശയ്യാവ് 53:7, 8 ആണ്,[17] കഷ്ടത ഏല്ക്കുന്ന ദാസന്റെ യെശയ്യാവിന്റെ വവരണത്തിലെ ഹൃദയ ഭാഗമാണത്. ''ഷണ്ഡൻ ഫിലിപ്പൊസിനോട്, 'ഇതു പ്രവാചകൻ ആരെക്കുറിച്ചു പറയുന്നു? തന്നെക്കുറിച്ചോ, മറ്റൊരുത്തനെക്കുറിച്ചോ എന്നു പറഞ്ഞു തരേണം, എന്നു അപേക്ഷിച്ചു'" (വാക്യം 34). യെഹൂദ ഉപദേഷ്ടാക്കൾക്കു യെശയ്യാവ് 53 പ്രതിസന്ധിയുളവാക്കി. മശിഹ ഒരു *രാജാവായി*രിക്കുമെന്ന് അവർക്കറിയാം – അപ്പോൾ അതു വെച്ച് അവൻ *കഷ്ടത* ഏല്ക്കുന്ന ആശയം അവർക്കു പൊരുത്തപ്പെടാൻ കഴിഞ്ഞില്ല. അങ്ങനെ അവർ ഇതു മശിഹയെക്കുറിച്ചാണെന്നു വിശ്വസിച്ചിരു*ന്നില്ല* ''പിന്നെ അതു *ആരെക്കുറിച്ചു* പറയുന്നതാണ്?'' ചിലർ ഇതു ദൈവത്തിന്റെ പേരെടുത്തു പറയാത്ത വക്താവിനെ കുറി ച്ചാണ് പറയുന്നതു എന്നു പഠിപ്പിക്കുന്നു (ഒരു പക്ഷേ ഒരു പ്രവാചകനെയോ, യെശയ്യാവിനെത്തന്നെയോ ആയാൽ). മറ്റുള്ളവർ ഈ വേദഭാഗം

യിസ്രായേൽ ദേശം വിശ്വാസത്തിനു വേണ്ടി വളരെ കഷ്ടം സഹിക്കേണ്ടതുകൊണ്ട്, യിസ്രായേൽ ദേശത്തെക്കുറിച്ചു പറയുന്നു എന്നു പഠിപ്പിക്കുന്നു.

അതു വിചാരകന്റെ സംശയം ഫിലിപ്പൊസിനു യോജിച്ച അവസരം തുറന്നുകിട്ടി: ''ഫിലപ്പൊസ് ഈ തിരുവെഴുത്ത് ആധാരമായി അവനോടു യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിപ്പാൻ തുടങ്ങി" (വാക്യം 35). അതെന്തൊരു പ്രസംഗം ആയിരുന്നിരിക്കാം!

ആ ഉദ്യോഗസ്ഥൻ വായിച്ച ഭാഗത്തു നിന്നാണ് ഫിലിപ്പൊസി ന്റെ തുടക്കം സുവിശേഷകന്റെ ആദ്യപ്രവൃത്തി ആ വേദഭാഗം മശിഹയെക്കുറിച്ചാണ് പറയുന്നതെന്നു കാണിച്ചു കൊടുക്കുക എന്നതായിരുന്നു (ഒരു പൊതു വിശ്വാസത്തിനെതിരായിരുന്നു) മശിഹ കഷ്ടമേല്ക്കേണ്ടിയിരുന്നു എന്നു യെശയ്യാവ് മുന്നറിയിച്ചിതി ക്കയാണ്.[18] അടുത്തത്, യേശു, യേശുമാത്രമാണ് എല്ലാം വിശദമായി നിറവേറ്റിയത്, എന്നു ഫിലിപ്പൊസ് ഊന്നി പറയേണ്ടിയിരുന്നു: "അറുക്കുന്നവന്റെ അടുക്കലേക്കു പോകുന്ന ആടിനെപ്പോലെ," യെശുവിനെ തോട്ടത്തിൽ നിന്നു വ്യായാധിപസഭയിലേക്കു കൊണ്ടുപോയി, പിന്നെ റോമാ പടയാളികളുടെ അടുക്കലേക്കും. "രോമം കത്രിക്കുന്നവന്റെ മുമ്പാകെ മിണ്ടാതിരിക്കുന്ന കുഞ്ഞാടിനെപ്പോലെ,'' യേശു തന്റെ വിചാരണകളിൽ ഒന്നിലും തനിക്കായി പ്രതിരോധിച്ചില്ല.[19] അവനെ പരിഹസിച്ചപ്പോൾ, അവന്റെ മുഖത്ത് അടിച്ചപ്പോൾ അവൻ "താഴ്ന്നു" മിണ്ടാതിരുന്നു, "അവന്റെ നീതി അവനിൽ നിന്നെടുത്തു കളഞ്ഞു"[20] നിയമരഹിതമായ ഓരോന്നും തുടർച്ചയായി അവൻ സഹിക്കു കയായിരുന്നു അക്രമത്താൽ പെട്ടെന്നായിരുന്നു അവന്റെ മരണം "അവന്റെ തലമുറയെ ആർ വിവരിക്കും?[21] എന്ന വാക്യങ്ങൾ അവന്റെ മരണം ചെറുപ്പത്തിൽ എന്നു വ്യക്തമാക്കുന്നു. ഭൂമിയിൽ നിന്നു അവന്റെ ജിവനെ എടുത്തു കളയുന്നുവല്ലൊ."

യേശുവിന്റെ ജീവിതത്തിൽ നിറവേറപ്പെട്ട മറ്റു പ്രവചനങ്ങളും യെശയ്യാവ് 53-ൽ നിന്നു ഫിലിപ്പൊസ് ഉദ്ധരിച്ചതു ശ്രദ്ധിക്കുക: അവൻ തന്റെ ആളുകളാൽ ത്യജിക്കപ്പെട്ടു (യെശയ്യാവ് 53:1-3). അവൻ മുറിവേ ല്ക്കപ്പെട്ടു (വാക്യം 5). രണ്ടു കള്ളന്മാരുടെ നടുവിൽ അവനെ തൂക്കി (വാക്യങ്ങൾ 9, 12) ധനവാന്റെ കല്ലറയിൽ അവനെ അടക്കി (വാക്യം 9). അതിലെല്ലാമുപരി, എന്തായാലും, മശിഹ മരിക്കേണ്ടിവന്നത് *എന്തുകൊണ്ട്* എന്നു ഫിലിപ്പൊസ് ശ്രദ്ധിച്ചു – നമ്മുടെ അകൃത്യങ്ങളിൽ നിന്നു നമ്മെ രക്ഷിക്കുവാൻ!

> ... എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും, അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ ആടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു,നാം ഓരോരുത്തരും താന്താന്റെ വഴിക്കു തിരിഞ്ഞിരിക്കുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെ മേൽ ചുമത്തി.

... എന്നാൽ അവനെ തകർത്തുകളവാൻ യഹോവെക്കു ഇഷ്ടം തോന്നി, അവൻ അവന്നു കഷ്ടം വരുത്തി; അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായി തീർന്നിട്ടും, ... അവൻ സന്തതിയെ കാണു കയും ദീർഘായുസ്സു പ്രാപിക്കയും [യഹോവ] യുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കയും ചെയ്യും, അവൻ [ദൈവം] തന്റെ പ്രയത്ന ഫലം കണ്ടു തൃപ്തനാകും; ... നീതിമാനായ എന്റെ ദാസൻ തന്റെ പരിജ്ഞാനം കൊണ്ട് പലരെയും നീതീകരിക്കും; അവരുടെ അകൃത്യങ്ങളെ അവൻ വഹിക്കും അതുകൊണ്ടുഞാൻ അവന്നു മഹാന്മാരോടു കൂടെ ഓഹരി കൊടുക്കും; ബലവന്മാരോടുകൂടെ അവൻ കൊള്ള പങ്കിടുക ; അവൻ തന്റെ പ്രാണനെ മരണത്തിനു ഒഴുക്കികളകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കു വേണ്ടി ഇടനിന്നുകൊണ്ടു അതിക്രമക്കാരോടുകൂടെ എണ്ണപ്പെടു കയും ചെയ്കയാൽ തന്നേ, ... (യെശയ്യാവ് 53:5, 6, 10–12).

എന്തായാലും, ഫിലിപ്പൊസിന്റെ ആരംഭസ്ഥാനമായിരുന്നു യെശയ്യാവ് 53 എന്നാണ് ലൂക്കൊസ്, പറഞ്ഞിരിക്കുന്നത്: "ഈ വാക്യത്തെ *ആധാരമാക്കി* അവൻ അവനോടു യേശുവിനെ പ്രസംഗിച്ചു'' (പ്രവൃത്തി 8:35; എംഫസിസ്മൈൻ) മറ്റു ദൈവശ്വാസിയരായ പ്രാസംഗികരെപോലെ, ഈ സുവിശേഷകനും യേശുവിന്റെ ജനനം, ജീവിതം, അത്ഭുതങ്ങൾ, നന്മ ചെയ്തതുമെല്ലാം പറഞ്ഞിരിക്കും: ''അതുപോലെ ദൈവം അവനോടുകൂടെയിരുന്ന് അശുദ്ധാത്മാവ് ബാധിച്ചവരെ എല്ലാം; അവൻ സൗഖ്യമാക്കിയതും, ഉൾപ്പെടുത്തി കാണും" (10:38).[22]

ഷണ്ഡൻ യെരുശലേമിൽ പോയി വരികയായിരുന്നതു കൊണ്ടു, അവൻ യേശുവിന്റെ നാമത്തെപ്പറ്റി അറിയാതിരിക്കയില്ല. ശൗലിന്റെ പെട്ടെന്നുള്ള അക്രമത്താലുള്ള ഉപദ്രവം നിമിത്തം കീഴ്വഴക്കവിരുദ്ധമായി സഭ വളർന്നു. എല്ലാ നാവിലും അങ്ങനെ യേശുവിന്റെ നാമം കയറിവന്നു. ചിലർ അവനെ ശപിച്ചിരിക്കാം; ചിലർ ഇഷ്ടം കൊണ്ടു അവനെ ഓർമ്മിച്ചിരിക്കും; എന്നാൽ അവൻ അവരുടെയിടയിൽ ചെയ്തതെല്ലാം അവർ പുനരവലോകനം ചെയ്തു. ഫിലിപ്പൊസ് യേശുവിനെക്കുറിച്ചു പറഞ്ഞതു സത്യമാണെന്നു ആ വിചാരകനു ബോധ്യമായി, യെശയ്യാപ്രവചനത്തിലെ ഷണ്ഡന്റെ സംശയം ഫിലിപ്പൊസ് ദൂരീകരിച്ചതു അവനു മനസ്സിലായി – അങ്ങനെ അവന്റെ ഹൃദയത്തിൽ വിശ്വാസം വന്നു.

### മാതൃകാ പ്രതികരണം:
### അനുസരണം ഉടനെ (8:36-39)

ഇതു നമ്മെ മാതൃകാ പ്രതികരണത്തിലേക്കു കൊണ്ടുവരുന്നു. ഫിലിപ്പൊസ് യേശുവിനെ പ്രസംഗിച്ചപ്പോൾ, യേശുവിനെ *കുറിച്ചു* മാത്രമല്ല പ്രസംഗിച്ചതു. യേശു മനുഷ്യർക്കു ചെയ്തതിന്റെ ഫലമായി ഓരോരുത്തർക്കും എങ്ങനെ അതിന്റെ ഫലം കിട്ടുമെന്നും പറഞ്ഞിരി ക്കും: രാജ്യം (സഭ), യേശുക്രിസ്തുവിന്റെ നാമം, സ്നാനം എന്നിവയും

പ്രസംഗത്തിൽ ഉൾപ്പെട്ടിരിക്കും (8:5, 12). ആ വിചാരകന്റെ പ്രതികരണത്തിൽ നിന്നും അവയെല്ലാം ഉൾപ്പെട്ടിരുന്നു എന്നു വ്യക്തമാകുന്നു: "അവർ ഇങ്ങനെ വഴിപോകയിൽ വെള്ളമുള്ളൊരു സ്ഥലത്തെത്തിയപ്പോൾ;[23] ഷണ്ഡൻ, 'നോക്കൂ! ഇതാ വെള്ളം! സ്നാനം ഏല്ക്കുന്നതിനു എന്തു വിരോധം എന്നു പറഞ്ഞു?'" (വാക്യം 36).

സ്നാനം കൂടാതെ യേശുവിനെ പൂർണ്ണമായി പ്രസംഗിക്കാൻ സാദ്ധ്യമല്ല.[24] യോഹന്നാൻ സ്നാപകൻ യേശുവിന്നു വഴി ഒരുക്കാൻ വന്നപ്പോൾ, സ്നാനപ്പെടുത്തി (യോഹന്നാൻ 1:30, 31). യേശുവും 60 മൈൽ നടന്നാണ് സ്നാനമേല്ക്കുവാൻ വന്നത് (മത്തായി 3:13). യോഹന്നാനേക്കാൾ അധികം പേരെ യേശുവിന്റെ ശിഷ്യന്മാർ സ്നാനപ്പെടുത്തിയിരുന്നു (യോഹന്നാൻ 4:1, 2). നാം വെള്ളത്താൽ "ജനിക്കണമെന്നു" യേശുകല്പിച്ചു (യോഹന്നാൻ 3:3, 5). സ്നാനം കല്പിക്കയും ചെയ്തു (മർക്കൊസ് 16:16). യേശുവിന്റെ ശിഷ്യന്മാർ അവന്റെ നാമത്തിലാണ് സ്നാനമേറ്റത് (പ്രവൃത്തി 2:38). സ്നാനം നമ്മെ ക്രിസ്തുവി*നോടു* ചേർക്കും (ഗലാത്യർ 3:26, 27) അവന്റെ ശരീരത്തിലേക്കും ചേർക്കപ്പെടുന്നു (1 കൊരിന്ത്യർ 12:13).

താൻ സ്നാനമേല്ക്കുവാൻ യേശുആഗ്രഹിക്കുന്നു എന്നു ഷണ്ഡൻ മനസ്സിലാക്കിയപ്പോൾ, അവൻ പിന്നെ താമസിച്ചില്ല. "ഷണ്ഡൻ, 'ഇതാ! വെള്ളം! ഞാൻ സ്നാനമേല്ക്കുന്നതിനു എന്തു വിരോധം എന്നു പറഞ്ഞു?'" (വാക്യം 36). അവന്റെ ശബ്ദത്തിലെ ആ ആവേശം നിങ്ങൾ കേൾക്കുന്നില്ലേ? "നോക്കു! എനിക്കു സ്നാനമേല്ക്കാൻ മതിയായ ആഴമുള്ള വെള്ളം ഇതാ! നമുക്കതു ഇപ്പോൾ തന്നെ ചെയ്യാം!" സ്നാനമേല്ക്കേണ്ടതു ആവശ്യമാണെന്നു ചിലർക്കു, ബോധ്യമായാലും, സ്നാനപ്പെടാതിരിക്കാൻ ഒഴിവുകഴിവു കണ്ടെത്തും; എന്നാൽ ഷണ്ഡൻ അങ്ങനെയല്ല സ്നാനമേല്ക്കുവാൻ ഉടനെ അവൻ ഇറങ്ങാൻ തയ്യാറായി.[25]

യേശു കല്പിച്ചതു, "*വിശ്വസിക്കയും* സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നാണ്" (മർക്കൊസ് 16:16; എംഫസിസ് മൈൻ). വിശ്വാസത്തോടൊപ്പം സ്നാനവും വേണം.[26] ഫിലിപ്പൊസ് ഷണ്ഡനെ സ്നാനപ്പെടുന്നതിനു മുൻപു, അവൻ വാസ്തവത്തിൽ വിശ്വസിക്കുന്നുണ്ടോ എന്നു തീർച്ചപ്പെടുത്തേണ്ടിയിരുന്നു. ആ മാറ്റം സംഭവിച്ചതായി 37-ാം വാക്യം പറയുന്നുണ്ട്: "[അതിന്നു ഫിലിപ്പൊസ്, 'നീ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ, ആകാം എന്നു പറഞ്ഞു.' 'യേശു ക്രിസ്തു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു എന്നു അവൻ ഉത്തരം പറഞ്ഞു.']" NASB യിൽ ഈ വാക്കുകൾ ബ്രാക്കറ്റിൽ, കുറിപ്പുകളോടെയാണ് കൊടുത്തിരിക്കുന്നത്: "അനേക കയ്യെഴുത്തു പ്രതികളിൽ ഈ വാക്യം ഇല്ല." അധികം പണ്ഡിതന്മാരും വിശ്വസിക്കുന്നതു ഈ വാക്യം ആരംഭവേദഭാഗത്തിലില്ല എന്നാണ്, *പക്ഷെ ഇതായിരുന്നു ആരംഭക്രിസ്ത്യാനികളുടെ പരിശീലനം എന്നു ദ്യോദിപ്പിക്കുന്നു.*[27] ആദിമ ക്രിസ്ത്യാനികൾ വിശ്വസിക്കാത്ത ആരെയും സ്നാനപ്പെടുത്താതിരുന്നതിനാൽ, സ്നാനപ്പെടുന്നയാൾ വിശ്വസിച്ചോ എന്ന് എങ്ങനെ

കാണാൻകഴിയും? പാപി വിശ്വസിക്കുന്നുവോ എന്നു *ചോദിക്കുന്ന*തിനേക്കാൾ സ്വാഭാവികം മറ്റൊന്താണ് – പാപി *മറുപടി* പറയുന്നതിനേക്കാൾ സ്വാഭാവികം വെറെ എന്ത്?

വാക്കുകൾ കൊണ്ടുള്ള വിശ്വാസപ്രതികരണത്തെയാണ് "ഏ റ്റു പറച്ചിൽ" എന്നു വിളിച്ചിരിക്കുന്നത്[28] – ഒരു പ്രധാന ബൈബിൾ ഉപദേശം (മത്തായി 10:32, 33; 16:16; യോഹന്നാൻ 9:22; 12:42; 1 തിമൊഥെയോസ് 6:12, 13; എബ്രായർ 3:1; 10:23; 1 യോഹന്നാൻ 4:2, 15).[29] വിശ്വാസത്തെ ഏറ്റു പറയേണ്ടതു ഒന്നിലധികം പ്രാവശ്യം ആണെങ്കിലും സ്നാനത്തിനു മുൻപു,[30] യേശുവിലുള്ള വിശ്വാസം ഏറ്റു പറയേണ്ടതുണ്ട്. പ്രവൃത്തി 2:38 പഠിച്ചപ്പോൾ, നാം കണ്ടു ആളുകൾ സ്നാനമേല്ക്കുമ്പോൾ അക്ഷരികമായി അതു "യേശുക്രിസ്തുവിന്റെ നാമത്തിലായിരിക്കണം" എന്ന്. ഇതിനർത്ഥം – പെന്തെക്കൊസ്തു നാളിൽ സ്നാനമേറ്റ മൂവായിരം പേരും അവരുടെ വിശ്വാസം സ്നാനമേല്ക്കുന്നതിനുമുമ്പ് ഏറ്റു പറഞ്ഞു എന്നാണ്. വായിൽ നിന്നു വരുന്ന വിശ്വാസം ഹൃദയത്തിലുള്ളതാണെന്നു റോമർ 10:9, 10 വ്യക്തമാക്കുന്നു:

> ... യേശു കർത്താവെന്നു നിങ്ങളുടെ അധരം കൊണ്ടു ഏറ്റു പറയുമെങ്കിൽ, ദൈവം അവനെ മരിച്ചവരിൽ നിന്നുയർത്തെഴുന്നേല്പിച്ചു, എന്നും ഹൃദയം കൊണ്ടു വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾ രക്ഷിക്കപ്പെടും; നീതിക്കായി മനുഷ്യൻ ഹൃദയം കൊണ്ടു വിശ്വസിക്കയും, രക്ഷയായി ഏറ്റു പറയുകയും ചെയ്യുന്നു.

വിശ്വാസവും ഏറ്റു പറച്ചിലും ബന്ധപ്പെട്ടിരിക്കുന്നതു ശ്രദ്ധിക്കുക, രണ്ടും രക്ഷക്കു മുൻപും പിൻപും ആവശ്യമാണ്, രണ്ടും രക്ഷക്കുശേഷം ആവശ്യമായതിനാലും, സ്നാനപ്പെടുമ്പോൾ ക്രിസ്തുവിന്റെ രക്തത്താലാണ് രക്ഷപ്പെടുന്നതു എന്നതുകൊണ്ടും,[31] രണ്ടും സ്നാനശേഷം ആവശ്യമാണ്.[32]

സ്നാനത്തിനു മുമ്പ് ആളുകൾ *എന്തു* ഏറ്റു പറയണം എന്നതിനെ സംബന്ധിച്ചു ഒരു നിശ്ചിത മുറ ഒന്നുമില്ല മത്തായി 10:32 പറയുന്നതു ക്രിസ്തുവിനെ മനുഷ്യരുടെ മമ്പിൽ ഏറ്റു പറയുക എന്നാണ്. പത്രൊസ്, മത്തായി 16:16–ൽ "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്നാണ് ഏറ്റു പറഞ്ഞത് ആദിമ സഭയിലുണ്ടാ യിരുന്ന മറ്റൊരു മാതൃകാ ഏറ്റുപറച്ചിൽ 8:37–ൽ കാണാം "യേശു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു." ഇതെല്ലാം യോജിപ്പിച്ചാൽ, യേശുക്രിസ്തുവാണ് നമ്മെ രക്ഷിക്കുന്നതെന്നു നാം വിശ്വസിക്കണം,[33] അവൻ അഭിഷിക്തനാണെന്നും (അതായത്, നമ്മുടെ രാജാവ്!), അവൻ ദൈവമാണെന്നും നാം വിശ്വസിക്കണം! അത്തരം ഏറ്റുപറച്ചിൽ വെറും വസ്തുതാ പ്രസ്താവനയല്ല; അതു കർത്താവിനോ ടുള്ള *സമർപ്പണമാണ്*! നാം നമ്മെ അവന്റെ കരങ്ങളിൽ ഏല്പിക്കുന്നു – അവന്റെ ആജ്ഞശിരസാവഹിക്കുവാനുള്ള അർപ്പണമാണ്!

ഫിലിപ്പൊസ് ഷണ്ഡന്റെ ജീവിതത്തെക്കുറിച്ചു ആരായുകയോ ബൈബിളിലെ ഉപദേശത്തെക്കുറിച്ചു അവന്നു എത്ര ഗ്രാഹ്യമുണ്ടെന്നു

ചോദിക്കയോ ചെയ്തില്ല സ്നാനപ്പെടുവാൻ ആഗ്രഹിക്കുന്ന വ്യക്തിയോടു ചോദിക്കുവാനുള്ള ആധികാരികമായതു "യേശു ക്രിസ്തു ദൈവപുത്രനാണെന്നു, നീ പൂർണ്ണഹൃദയത്തോടെ വിശ്വസി ക്കുന്നുവോ എന്നാണ്?"[34] സ്നാനപ്പെട്ടു കയറിവരുന്ന ഓരോരുത്ത രിലും തെറ്റിദ്ദാരണകളോടെയാണ് വരുന്നത് അതുകൊണ്ട് ജീവിതത്തിൽ വളരെ മാറ്റം ആവശ്യമായിവരുന്നു. ആയുഷ്ക്കാലം മുഴുവൻ, എങ്ങനെയായാലും, അയാൾ താൻ മനസ്സിലാക്കിയ പലതും തിരുത്തണം പെരുമാറ്റവും – ദൈവസഹായത്താലും സഹോദരങ്ങളുടെ സഹായ ത്താലും മാറ്റേണ്ടതുണ്ട് (മത്തായി 28:19, 20).

സ്നാനപ്പെടുവാൻ "അടുത്ത ഞായറാഴ്ച്ച വരെ കാത്തിരി ക്കാൻ" ഫിലിപ്പൊസ് ഷണ്ഡനോടു പറഞ്ഞില്ല.[35] പുതിയ നിയമകാലയള വിൽ, ഒന്നാം നൂറ്റാണ്ടിൽ ആളുകൾ എന്തുചെയ്യണമെ ന്നു മനസ്സിലാ ക്കിയപ്പോൾ, ഉടനെ അവിടെ വെച്ചു – അങ്ങനെ ചെയ്തു. താൻ സ്നാനമേല്ക്കേണ്ടതാണെന്നു ഷണ്ഡൻ ഫിലിപ്പൊസിൽ നിന്നു മനസ്സി ലാക്കിയ ഉടനെ, "തേർ നിർത്തുവാൻ അവൻ കല്പിച്ചു;[36] ഫിലിപ്പൊസും ഷണ്ഡനും; ഇരുവരും വെള്ളത്തിൽ ഇറങ്ങി, അവൻ അവനെ സ്നാനം കഴിപ്പിച്ചു" (8:38).

പ്രവൃത്തി 2:38 നാം പഠിച്ചപ്പോൾ, "സ്നാനം" ലിപി മാറ്റി എഴുതിയ ഗ്രീക്കു വാക്കാണെന്നും അർത്ഥം "മുങ്ങൽ" എന്നുമാണെ ന്നു കണ്ടു. *എങ്ങനെ* ചെയ്യണമെന്നറിയുവാൻ പുതിയ നിയമകാല യളവിൽ ആളുകൾ *എങ്ങനെ* ചെയ്തു എന്നു നോക്കുകയാണ്.[37] എങ്ങനെയായാലും, സ്നാനം മുങ്ങൽ ആണെന്നറിയുവാൻ അല്ലാതെ ഗ്രീക്ക് ഒന്നും പഠിക്കേണ്ടതില്ല. ഫിലിപ്പൊസും വിചാരകനും രണ്ടു പേരും വെള്ളത്തിനരികിലേക്കു പോയി (8:36), അവർ രണ്ടു പേരും വെള്ളത്തിൽ *ഇറങ്ങി.* ഉപദേഷ്ടാവ് ഉദ്യോഗസ്ഥനെ സ്നാനപ്പെടുത്തി (വാക്യം 38), പിന്നെ അവർ വെള്ളത്തിൽ നിന്നു *കയറി* (വാക്യം 39)[38] ഈ വാക്കുകൾ മുങ്ങൽ സ്നാന പരിശീലനത്തിൽ പൊരുത്തപ്പെടു ന്നതാണ്; എന്നാൽ കോരി ഒഴിച്ചോ തളിച്ചോ ഉള്ള പരിശീലനത്തിൽ പൊരുത്തമില്ലാത്തതുമാണ്. ജെ. ഡബ്ലിയു മെക്ഗാർവേ എഴുതി,

> ഇന്നു വെള്ളം എടുത്തു തളിച്ചു പരിശീലിച്ചിരുന്ന ഉപദേഷ്ടാക്കന്മാരെ സ്നാനത്തിനപ്പുറമായി കാണുന്ന അതേ കാരണത്താൽ ആണ് അതിനെ ഫിലിപ്പൊസും ഷണ്ഡനും മാറ്റി നിർത്തിയതു. വേറൊരു വിധത്തിൽ പറഞ്ഞാൽ, മുങ്ങൽ സ്നാനത്തിനു വെള്ളത്തിനിറങ്ങു വാൻ നിർബ്ബന്ധിക്കുന്ന കാരണം ഫിലപ്പൊസും ഷണ്ഡനും ചെയ്തതുകൊണ്ടാണ്; ഈ അന്തിമതീരുമാനത്തിൽ നിഷ്ക്കളങ്ക മനസ്സുള്ളവർക്കു ഒഴിഞ്ഞു മാറുവാൻ സാദ്ധ്യമല്ല.[39]

ആരോ പറഞ്ഞു, ശരീരത്തിന്റെ ഒരു അറ്റം മുക്കുകയും മറ്റേ അറ്റം തളിക്കുകയും ചെയ്യുന്നതു അർത്ഥശുന്യമാണ്!

വീണുപോയ സഭ മാറ്റി പരിശീലിക്കുന്നതു വരെ നൂറുകണ ക്കിനു വർഷങ്ങളോളം സഭ പരിശീലിച്ചിരുന്ന സ്ഥാപിതമായ ചരിത്ര

വസ്തുതയാണ് മുങ്ങൽ സ്നാനം ഞാൻ യൂറോപ്പിന്റെ പലഭാഗങ്ങളും സന്ദർശിച്ചിട്ടുണ്ട്. അവിടെ സ്നാനപ്പെടുത്തിയിരുന്ന പരാതന ടാങ്കുകൾ കണ്ടിട്ടുണ്ട്, അവ ഡസൻ കണക്കിനു നൂറു കണക്കിനും ആളുകളെ ഒരേസമയത്തു സ്നാനം കഴിപ്പിക്കാവുന്ന വലുപ്പമുള്ളതാണ്, അവ ഏതാണ്ട് ഒന്നാംനൂറ്റാണ്ടിലേതെന്നു കണക്കാക്കപ്പെട്ടിരുന്നു. ഫിലിപ്പൊസ് ഷണ്ഡനെ സ്നാനപ്പെടുത്തിയതു ഒഴിവു കഴിവായിരുന്നില്ല, നിയമമായിരുന്നു.

"അവർ സ്നാനശേഷം വെള്ളത്തിൽ നിന്നു കയറിയപ്പോൾ, കർത്താവിന്റെ ആത്മാവ് ഫിലിപ്പൊസിനെ എടുത്തുകൊണ്ടുപോയി; ഷണ്ഡൻ പിന്നെ അവനെ കണ്ടില്ല" (വാക്യം 39). ഇതിനർത്ഥം ഫിലിപ്പൊസിനെ ആത്മാവു വായുവിൽ സഞ്ചരിക്കാൻ കൊണ്ടു പോയെന്നല്ല, പിന്നെയോ അവനെ പ്രസംഗിക്കാൻ മറ്റൊരിടത്തേക്കു നിർദ്ദേശം കൊടുത്തയച്ചു എന്നർത്ഥം (വാക്യങ്ങൾ 26, 29, 40) ഫിലിപ്പൊസ് പെട്ടെന്ന് ഷണ്ഡന്റെ അടുത്തു വന്നു, ഉദ്ദേശം നിറവേറ്റി പെട്ടെന്നു അപ്രത്യക്ഷനായി![40]

നമ്മുടെ വിചാരകനെ അവസാനമായി കാണുന്നതു 39-ാം വാക്യത്തിന്റെ അവസാനഭാഗത്താണ്: "അവൻ സന്തോഷിച്ചു കൊണ്ടു തന്റെ വഴിക്കു പോയി" അവന്നു സന്തോഷിപ്പാൻ ഏറെയുണ്ട്: യേശുവിനെക്കുറിച്ചു അവൻ പഠിച്ചു! അവന്റെ ജീവിതം മുഴുവൻ മാറി! അവന്റെ കഴിഞ്ഞകാല പാപങ്ങൾ ക്ഷമിച്ചുകിട്ടുകയും ദൈവസാന്നിദ്ധ്യം അവന്റെ ജീവിതത്തിൽ വരികയും ചെയ്തു (2:38)! അവൻ കർത്താവിന്റെ സഭയോടു ചേർക്കപ്പെട്ടു (2:41, 47)! കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ അവന്റെ പേർ എഴുതപ്പെട്ടു (വെളിപ്പാട് 20:15)! അവന്നു നിത്യജീവന്റെ പ്രത്യാശ ലഭിച്ചു (തിത്തൊസ് 1:2)! ഷണ്ഡൻ ആയിരുന്നതുകൊണ്ട്, യെഹൂദരാജ്യത്തിൽ അവൻ രണ്ടാം നിരപൗരനായിരുന്നു - എന്നാൽ ഇനി അങ്ങനെയല്ല! യേശുക്രിസ്തുവിന്റെ രാജ്യത്തിൽ ഒന്നാം നിര പൗരനായിതീർന്നു.[41]

ഒരു പുരാതന എഴുത്തുകാരനായിരുന്ന ഐറേനിയസ് പറഞ്ഞതു, ഷണ്ഡൻ ഐത്യോപ്യയിൽ മടങ്ങിപ്പോയി ക്രിസ്തുവിന്റെ കഥ ആ ദേശത്തെല്ലാം വ്യാപിപ്പിച്ചു. അവൻ വീട്ടിൽ ചെന്നു ചെയ്ത*തെന്തെ*ല്ലാം എന്ന് നമുക്കു കൃത്യമായി അറിഞ്ഞുകൂടാ, ലൂക്കൊസ് വിവരിച്ചു സന്തോഷിച്ചുകൊണ്ടു തന്റെ വഴിക്കു പോയി എന്നതിൽ നിന്നു മറ്റു ശിഷ്യന്മാരുടെ കാര്യത്തിൽ സംഭവിച്ചതു ഷണ്ഡന്റെ കാര്യത്തിലും സംഭവിച്ചിരിക്കും: അവനും, "വചനം സംസാരിച്ചു കൊണ്ടു അവിടവിടെ സഞ്ചിരിച്ചു" എന്ന കാര്യത്തിൽ, സംശയമേയില്ല (8:4).

### ഉപസംഹാരം (8:40)

ഫിലിപ്പൊസിന്റെ മറ്റു പ്രസംഗയാത്രയെ ചുരുക്കമായി അദ്ധ്യായത്തിന്റെ അവസാനം വിവരിക്കുന്നുണ്ട്: "ഫിലിപ്പൊസിനെ പിന്നെ അസ്തൊദിൽ കണ്ടു; അവൻ സഞ്ചരിച്ചുകൊണ്ടു എല്ലാ പട്ടണങ്ങളിലും സുവിശേഷം അറിയിച്ചു കൊണ്ടു കൈസര്യയിൽ എത്തി" (വാക്യം 40). ഗാസക്കു കുറച്ചു മൈലുകൾക്കപ്പുറം വടക്കായി

സ്ഥിതിചെയ്തിരുന്ന ഫെലിസ്ത്യപട്ടണം ആയിരുന്നു അസ്തൊദ്,[42] ഫിലിപ്പൊസ് പിന്നെ കടൽക്കരവഴി സഞ്ചരിച്ചു, സുവിശേഷം അറിയിച്ചു കൊണ്ടിരുന്നു. അവൻ സഞ്ചരിച്ചു സുവിശേഷം അറിയിച്ച ചില പട്ടണങ്ങളെ കുറിച്ചു 9-ാം അദ്ധ്യായത്തിൽ പറയുന്നുണ്ട്: ലുദ്ദയാപ്പ എന്നിവ അതിൽപ്പെടുന്നു (9:32, 36).അവസാനം,അവൻ കൈസര്യ പട്ടണത്തിലുമെത്തി. നാം 10-ാം അദ്ധ്യായത്തിൽ വരുമ്പോൾ കൈസര്യയിലേക്കുവീണ്ടും വരാം - അവിടെ ഫിലിപ്പോസിനെ വീണ്ടും കണ്ടുമുട്ടാം 21:8.

അവസാനിപ്പിക്കുന്നതുകൊണ്ട്, നമുക്ക് ചുരുക്കമായി ഒന്നു പുനരവലോകനം ചെയ്യാം "മാതൃകാ പരിവർത്തനം" പഠിച്ചു: അതിനു ഒരു മാതൃകാ ഉപദേഷ്ടാവുണ്ടായിരുന്നു എന്നു ഞാൻ പറഞ്ഞു (ഫിലിപ്പോസ്), ഒരു മാതൃകാ സദസ്സും (ഷണ്ഡൻ), മാതൃകാപരിവർത്തന മാർഗ്ഗവും (സുവിശേഷം), മാതൃകാ സന്ദേശവും (യേശു), മാതൃകാപ്രതികരണവും ഉണ്ടായിരുന്നു. അതുപോലെ, *മാതൃകാലാളിത്യവും* ഉണ്ടായിരുന്നു. ഈ പരിവർത്തനത്തിലോ, അതെന്തുകൊണ്ടു അങ്ങനെ നടന്നുവെന്നോ ഉള്ള കാര്യത്തിൽ, തെറ്റിദ്ധാരണക്കിടമില്ല.


ഷണ്ഡന്റെ പരിവർത്തനത്തോടൊപ്പം നിങ്ങളുടെയും പരിവർത്തനം എടുത്തുതാരതമ്യം നടത്തുക. ഇതു പോലെയായിരുന്നോ നിങ്ങളുടേത്? നിങ്ങൾക്കു ചോദിക്കാവുന്ന ചില ചോദ്യങ്ങൾ ഇതാ:[43] ഞാൻ സ്നാനമേറ്റപ്പോൾ വ്യക്തിപരമായ ഒരു സമർപ്പണത്തിനു പ്രായമായിരുന്നോ - അല്ലെങ്കിൽ ഞാൻ സ്നാനമേറ്റപ്പോൾ ശിശുവായിരുന്നോ? ഞാൻ സ്നാനമേല്ക്കുന്നതിനു മുൻപ് - യേശുവിലുള്ള വിശ്വാസം ഞാൻ ഏറ്റുപറഞ്ഞിരുന്നോ? അതോ ഞാൻ മറ്റു വല്ലതുമാണോ ഏറ്റു പറഞ്ഞതു - ആ സമയത്തു ഞാൻ എടുത്ത സമർപ്പണം മനസ്സിലാക്കിയിരുന്നോ? അതോ ഒരു ചടങ്ങായി സ്നാനമേറ്റോ? ഞാൻ മുങ്ങിയാണോ - അതോ തളിച്ചാണോ സ്നാനമേറ്റത്? നിങ്ങളുടെ സ്നാനവും പരിവർത്തനവും ഷണ്ഡന്റേതുപോലെ*യല്ലെങ്കിൽ* തിരുത്തുവാൻ താമസിച്ചിട്ടില്ലായ്കയാൽ ദൈവത്തെ സ്തുതിക്കുന്നു! നിങ്ങളുടെ ആത്മാവിനെ ചൂതുക്കളിക്കായി വിട്ടുകൊടുക്കരുത്! *ഷണ്ഡൻ പരിവർത്തനം ചെയ്തതുപോലെ* പരിവർത്തനം ചെയ്യാനുദ്ദേശിക്കുന്നുവെങ്കിൽ ഉടനെ ചെയ്യുക!

---

**ദൃശ്യ - സഹായക്കുറിപ്പുകൾ**

---

വർഷങ്ങൾക്കു മുൻപു, ഞാൻ ''ഒരു ചെറുപ്പക്കാരനായ ഉപദേഷ്ടാവ്'' ആയിരുന്നപ്പോൾ, ഷണ്ഡന്റെ പരിവർത്തനത്തെക്കുറിച്ചുള്ള മാർഷൽ കീബിളിന്റെ പ്രസംഗത്തെ അറിഞ്ഞു. എന്റെ ആരംഭ സമയത്തെ പ്രസംഗത്തിന് ഞാൻ ആ പ്രസംഗം എടുത്തിട്ടുണ്ട് ഓരോ സമയവും, ആ പാഠം ഞാൻ ഉപയോഗിക്കുന്നതിനു മുൻപ്, ഈ ചിത്രീകരണം ഞാൻ ബോർഡിൽ വരക്കു.




"ആരാധനക്കു പോയി - പക്ഷേ തെറ്റായിരുന്നു!" എന്നാണ് ഞാൻ തുടങ്ങുന്നതു, പിന്നെ "ഫിലിപ്പൊസ് - എന്ന സുവിശേഷകനിലേക്കു," പോകും അതിനുശേഷം റോഡിൽ നടന്നതു ഓരോന്നായി വിവരിച്ചു, അതു ലളിതമാണ് പക്ഷെ ഫലപ്രദമായ സമീപനമാണ്. "ഒരു മാതൃകാ പരിവർത്തനത്തിന്റെ'' മുഖ്യ പോയിന്റുകളായി ഈ ചിത്രം എടുക്കാവുന്നതാണ്.

## പ്രസംഗക്കുറിപ്പുകൾ

"കാര്യവിചാരകൻ കർത്താവിനെ കണ്ടു മുട്ടിയ നാൾ" എന്ന തലവാചകത്തോടുകൂടി ഒരു വിവരണപരമായ പ്രസംഗം ഷണ്ഡന്റെ പരിവർത്തനത്തെക്കുറിച്ചു, ഞാൻ തയ്യാറാക്കിയിട്ടുണ്ട്. അതു 1987 ജൂലൈയിലെ, *പ്രീച്ചേഴ്സ് പീരിയോഡിക്കലിലെ* (*ട്രൂത്ത് ഫോർ ടുഡെയിൽ*) ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തന്റെ പരിവർത്തനത്തിന്റെ ഘടകങ്ങൾ, കരുണാധിക്യ പ്രകാരമുള്ളതു അറിഞ്ഞിട്ടില്ലാത്ത ഷണ്ഡന്റെ കാഴ്ച്ചപ്പാടിലാണ് ആ കഥ പറയുന്നത്.

''രക്ഷയിലേക്കുള്ള വഴി'' എന്ന തലവാചകത്തിൽ ഈ പരിവർത്തനത്തെക്കുറിച്ചു റിക് ആഷ്‌ലെ ഒരു പ്രസംഗം നടത്തി, അതു തുടങ്ങുന്നതു, ഈ ചോദ്യത്തോടെയാണ് "നിങ്ങൾ എപ്പോഴെങ്കിലും നിങ്ങളുടെ ജീവിതത്തിനു മാറ്റമുണ്ടാക്കിയ യാത്ര നടത്തിയിട്ടുണ്ടോ?" "ഷണ്ഡൻ വിചാരിച്ചതു അവൻ ഐത്യോപ്യയിലേക്കുള്ള വഴിയിൽ

കൂടെയാണ് പോകുന്നതെന്ന് വാസ്തവത്തിൽ, അവൻ രക്ഷയിലേക്കുള്ള വഴിയിലായിരുന്നു." ഈ പ്രസംഗത്തിനു നാലു പോയിന്റുകൾ ഉണ്ട്: പ്രസംഗകൻ, അന്വേഷിക്കുന്നവൻ, തിരുവെഴുത്തുകൾ, രക്ഷ കൻ.

പ്രവൃത്തികളുടെ പുസ്തകത്തിലെ ഈ ഭാഗം നിങ്ങൾ പഠിച്ചുകൊണ്ടിരിക്കുമ്പോൾ, അനുബന്ധമായി "നല്ല സ്വീകാരം" എന്ന ഒരു പ്രസംഗം നടത്തുവാനും ആഗ്രഹിച്ചേക്കാം. 1985 മെയ് ലക്കത്തിലെ *പ്രീച്ചേഴ്സ് പിരിയോഡിക്കലിൽ* (ഇന്നത്തെ ട്രൂത്ത് ഫോർ ടുഡെ) പോൾ റോജേഴ്സ് ഈ തലവാചകത്തിൽ ഒരു പ്രസംഗം പ്രസിദ്ധീകരിക്കയുണ്ടായി.

പല വർഷങ്ങൾക്കു മുൻപ്, ഞാൻ കിട്ടാവുന്ന പ്രസംഗ വിഷയങ്ങൾ വർത്തമാന പത്രങ്ങളിൽ നിന്നു ശേഖരിക്കുമായിരുന്നു, അതു ഫിലിപ്പൊസിന്റെ "ക്രിസ്തുവിനെ പ്രസംഗിച്ചു" എന്നതുമായുള്ള വ്യത്യാസം അറിയുവാനാണ്. ഒരു ഉദാഹരണം "ഓക്‌ലഹോമാ പട്ടണത്തിലെ ന്യൂനപക്ഷ സമൂഹത്തിന്റെ തൊഴിലാളിയുടെ അവകാശങ്ങൾ" എന്നതാണ്. നിങ്ങൾക്കു നിങ്ങളുടെ ശേഖരം ആകാം.

"ഉപദേശ പദ്യം" എന്ന തലക്കെട്ടിൽ വർഷങ്ങൾക്കു മുൻപു, റ്റി. എസ്. ബർനെറ്റ് ഒരു പുസ്തകം എഴുതി, മതത്തെക്കുറിച്ചു ആക്ഷേപ ഹാസ്യം നിറഞ്ഞതായിരുന്നു അത് ഷണ്ഡന്റെ പരിവർത്തനത്തെക്കുറിച്ചുള്ള ഒരു രസകരമായ ഭാഗം "ചില വെള്ളം" എന്നത്. നിങ്ങളുടെ അടുത്തുള്ള ക്രിസ്തീയ കോളേജ് ലൈബ്രറിയിൽ ചെന്നു റെസ്റ്റൊറേഷൻ ഹിസ്റ്ററി വാല്യം ഉണ്ടോ എന്നു അന്വേഷിച്ചു വായിക്കുക.

---

കുറിപ്പുകൾ

[1]ജെ.ഡബ്ലിയു. റോബെർട്ട്സ്, *ആക്ട്സ് ഓഫ് അപ്പൊസ്തൽസ്,* പാർട്ട് 1 (ആസ്റ്റിൻ, ടെക്സ്.: ആർ.ബി. സ്വീറ്റ് കമ്പനി, 1967), 63. [2]26-ാം വാക്യത്തിൽ ദൂതൻ എന്നും; 29-ാം വാക്യത്തിൽ ആത്മാവ് ഫിലിപ്പൊസിന്റെ അടുക്കൽ വന്നു എന്നതും. സൂചിപ്പിക്കുന്നതു *ദൈവമാണ്* ഫിലിപ്പൊസിനെ നയിച്ചതു എന്നത്രെ. [3]കടൽത്തീരത്തുള്ള ഫെലിസ്ത്യ പട്ടണങ്ങളിൽ ഒന്നായിരുന്നു ഗാസ (ഉല്പത്തി 10:19; 2 രാജാക്കന്മാർ 18:8) ("ഫിലിപ്പൊസിന്റേയും പത്രൊസിന്റെയും യാത്രചെയ്ത" ഭൂപടം നോക്കുക). ഗാസയിലെത്തിയാൽ ആ ഉദ്യോഗസ്ഥൻ കടൽത്തീരത്തുകൂടെയാണ് യാത്രചെയ്യുന്നത്. [4]യെരുശലേമിൽ നിന്നു തെക്കോട്ട് ഗാസക്കു പല റോഡുകളുണ്ടായിരുന്നു വളരെ കുറച്ചു മാത്രം യാത്രചെയ്ത റോഡായിരിക്കണം ലൂക്കൊസ് പറഞ്ഞത്. (പല തർജ്ജിമക്കാരും "മരുഭൂമി" എന്നതിനു പകരം "മരുഭൂമിയായ" എന്നാണ് കൊടുത്തിരിക്കുന്നത്) (ശ്രദ്ധിക്കുക: മൂല വേദഭാഗത്ത് "ഇതു മരുഭൂമിയാണ്" എന്നു മാത്രമെയുള്ളു: അതു സൂചിപ്പിക്കുന്നതു ആ വഴിയോ അല്ലെങ്കിൽ പുരാതന ഗാസയുടെ അവശിഷ്ടമോ ആകാം. NASB തർജ്ജിമക്കാർ വിചാരിച്ചത് ലൂക്കൊസ് പറഞ്ഞതു ആ വഴിയെക്കുറിച്ചാണെന്നാണ്). [5]ഈ കാര്യവിചാരകനെ പോലെയുള്ള ഉദ്യോഗസ്ഥന്മാർ സാധാരണ അവരുടെ സേവകന്മാരോടു കൂടെയാണ് യാത്ര ചെയ്തിരുന്നത്.ഫിലിപ്പൊസ് ഒരു പക്ഷേ കണ്ടതു ആ വ്യൂഹത്തിന്റെ നടുവിൽ പോയ തേരായിരിക്കാം. [6]അന്നത്തെ എത്യോപ്യ ഇന്നത്തെ എത്യോപ്യയിൽ നിന്നും അധികം ദൂരെ യല്ലാതെ സ്ഥിതിചെയ്തിരുന്നു. ആധുനിക എത്യോപ്യ പണ്ട് അറിയപ്പെട്ടിരുന്നത് അബീസിനിയ

എന്നായിരുന്നു: പുരാതന എത്യോപ്യയെ (ഇന്നു നൂബിയ എന്നു വിളിക്കുന്നു) അതു സ്ഥിതിചെയ്തിരുന്നതു മിസ്രയിമിലും സൂഡാനും മുകളിലായുള്ള നൈൽ നദിക്കരികിലെ ഖർത്തൗമിനും ആശ്മാനും ഇടക്കായിരുന്നു. [7]"കാൻഡെയ്സ്" എന്നതു ("ഫറവോൻ'' അല്ലെങ്കിൽ "കൈസർ''), എന്നു വിളിക്കുന്നതു പോലെയുള്ള പദവിയായിരുന്നു. എെത്യോപ്യരാജാക്കന്മാരെ ലൗകിക രാജ്യഭരണം നടത്തുന്നതിനേക്കാൾ വിശുദ്ധരായി കണക്കാക്കിയിരുന്നു. അതുകൊണ്ട് അവന്റെ രാജ്ഞിയായിരുന്നു വാസ്തവത്തിൽ രാജ്യം ഭരിച്ചിരുന്നത്. [8]ജാതിയിൽപെട്ട ഒരു "ദൈവഭയ" മുള്ളവനായിരിക്കാം അവൻ (നിഘണ്ടുവിൽ "ദൈവഭയം" എന്നതു നോക്കുക), പിന്നീട് ലൂക്കൊസ് ഊന്നി പറഞ്ഞു, കൊർന്നെല്യോസ് ജാതിയിൽ നിന്നു ആദ്യം പരിവർത്തനം ചെയ്ത ദൈവഭയമുള്ള വനായിരുന്നു, കൊർന്നെല്യോസ് (പ്രവൃത്തി 10; 11; 15:7, 14). ചിലർ, ആ കാര്യവിചാരകന്റെ ശാരീരിക സ്ഥിതി വെച്ചുകൊണ്ട് അവനു യെഹൂദമതാനുസാരിയാകാൻ കഴിയുന്നതല്ല എന്നാണ് പറഞ്ഞത്. സ്ഥിരീകരിക്കാൻ നമുക്കു മതിയായ തെളിവുകളില്ല. അവൻ *എപ്പോഴാണ്* ഷണ്ഡനായതെന്നു നമുക്കറിഞ്ഞുകൂടാ (അവൻ യെഹൂദമതാനുസാരി യായ ശേഷമാകാം); ആവർത്തനപുസ്തകം 23:1 വാസ്തവത്തിൽ ഒരു ഷണ്ഡനെ യെഹൂദമതാനുസാരിയാകുന്നതിൽ നിന്നു മാറ്റി നിർത്തുന്നുണ്ടോ എന്നു നമുക്കറിഞ്ഞുകൂടാ. അതോ അയാൾ ആരാധനക്കുസംബന്ധിക്കുന്നതു മാത്രം വിലക്കിയിരുന്നോ? അപ്പൊസ്തലന്മാരുടെ കാലത്ത് യെഹൂദന്മാർ ആവർത്തന പുസ്തകം 23:1 അനുസരിച്ചിരുന്നോ എന്നു നമുക്കറിഞ്ഞുകൂടാ. ആ ഉദ്യോഗസ്ഥൻ ഒന്നുകിൽ യെഹൂദനോ അല്ലെങ്കിൽ യെഹൂദമതാനുസാരിയോ ആയിരുന്നേക്കാം. [9]ഒരു പുരുഷനെ ഷണ്ഡനാക്കിയ "ഷണ്ഡനുണ്ട്.'' (അന്ത: പുരമോ ഭണ്ഡാ രമോ) കാക്കുവാൻ "ഉദ്യോഗസ്ഥരായി" നിയമിക്കുന്ന പുരുഷന്മാരെ പരീക്ഷിക്കേ ണ്ടതിനു "ഷണ്ഡരാകുന്ന" പതിവ് അന്നുണ്ടായിരുന്നു. അവനെ ഷണ്ഡനാക്കിയാലും ഇല്ലെങ്കിലും, എങ്ങനെയായാലും, സാധാരണ "ഷണ്ഡനാക്കുന്നു" എന്നതാണ് അർത്ഥം. [10]ഷണ്ഡനു പുരോഹിതനാകാൻ സാധ്യമല്ല എന്ന ലേവ്യാ പുസ്തകം 21:20 കൂടെ നോക്കുക, യെഹൂദന്മാരെ അവർക്കു ചുറ്റുമുള്ള അന്യദേവന്മാരെ നമസ്ക്ക രിക്കുന്നവരിൽ നിന്നും അവരെ അനുകരിക്കാതെ നിരാശപ്പെടുത്തുകയോ വേർത്തിരിച്ചുകാണിക്കുകയോ ആയിരുന്നില്ല വേദഭാഗങ്ങളുടെ ഉദ്ദേശം വേറൊരു വിധത്തിൽ, പരിഛേദന എല്ക്കാത്ത ഒരു ജാതിക്കു ആരാധനക്ക് എവിടെ വരെ പോകാമോ അവിടെ വരെ മാത്രമെ ഒരു ഷണ്ഡനു പോകാമായിരുന്നുള്ളു.

[11]മറ്റൊരു വിധത്തിൽ, ജാതിയിൽപ്പെട്ട പരിച്ഛേദനയേൽക്കാത്ത ഒരാൾക്ക് അടു ക്കുവാൻ കഴിയുന്നതിനേക്കാൾ കൂടുതൽ അടുക്കുവാൻ അയാൾക്കു സാധ്യമല്ല. [12]തേര് ആകർഷണിയമായ വാഹനമായിരുന്നു ചിലതിന്നു നാലുചക്രങ്ങൾ ഉണ്ടായിരുന്നു; രണ്ടു ചക്രങ്ങൾ ഉള്ളതായിരുന്നു സാധാരണയുണ്ടായിരുന്നത്. [13]യെരുശലേമിൽ വെച്ചു ഷണ്ഡൻ വാങ്ങിയതായിരിക്കാം യെശയ്യാവിന്റെ പുസ്തകച്ചുരുൾ. അന്ന് വ്യക്തികൾ തിരുവെഴുത്തു സ്വാന്തമാക്കുന്നതു അപൂർവ്വമായിരുന്നു. വളരെ നിഷ്കർഷ നിബന്ധനകൾ കൈകൊണ്ട് പകർത്തി എഴുത പ്പെട്ടതും, വളരെ വിലയേറിയതുമായിരുന്നു. [14]അക്കാലത്തു ഉച്ചത്തിൽ വായിക്കുന്നതായിരുന്നു ശീലം. [15]എന്റെ സ്വന്തം അനുഭവങ്ങളിൽ നിന്നു നിരവധി ഉദാഹരണങ്ങൾ കടന്നു വരുന്നുണ്ട് അച്ചടിയിലില്ലാത്ത പുസ്തകമായ *ദി ലോഡ്വിൽ ഫൈന്റ് എ വേ* (ഡള്ളാസ്: ചെയർമാൻ പബ്ലിഷിങ്ങ്, 1966) - ലോകത്തിൽ നിന്നെല്ലാം നൂറുകണക്കിനു ഉദാഹരണങ്ങൾ ഉണ്ട്. നിങ്ങൾക്കും അനുഭവങ്ങൾ കാണും എന്നു നിസംശയം പറയാം. അതിവിടെ ചേർക്കാം. [16]ഇതു, റിക് ആച്ച്ലേയുടെ, "റോഡ് ടു സാൽവേഷൻ," എന്ന വിഷയത്തിൽ സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റ്, അബിലീൻ, ടെക്സാസ്, 1985 മെയ് 19-ാം തീയതിയിലെ പ്രസംഗത്തിൽ നിന്നു എടുത്തതാണ്. [17]ഉദ്ധരണി സെപ്റ്റ്വജിന്റിൽ നിന്നാണ്. [18]യെഹൂദന്മാരുടെ മുഖ്യ ഇടർച്ചയായിരുന്നു ഇത്.


പത്രൊസിന്റെ പ്രവൃത്തി 2 ലെയും 3 ലെയും പ്രസംഗ വിവരണങ്ങളെ നോക്കുക. [19]ആടുകളുടെ രോമം കത്രിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്, ഭയം കൊണ്ട് അവ നിശബ്ദമായിരിക്കും ചിലർ പറഞ്ഞു കേട്ടിട്ടുള്ളതു ആ സമയത്തു ആടുകൾ നിലവിളിക്കും എന്നാണ്. ആടുകൾ കരയുമോ ഇല്ലയോ എന്നത്, കത്രിക്കുന്ന രീതി അനുസരിച്ചാണ്. [20]അവന്നു *നീതി* ലഭിച്ചില്ല (അതായതു., അവന്നു യോഗ്യമായിരിക്കുന്നതു).

[21]മറ്റൊരു സാധ്യമായ തർജിമ ഈ ഭാഗത്തെക്കുറിച്ചു പറയുന്നതു "അവന്റെ ജീവിതം 'ഭൂമിയിൽ നിന്നെടുത്തെങ്കിൽ പോലും,' അവന്നു ഏറെ *ആത്മീയ* സന്തതികൾ ഇപ്പോഴും ഉണ്ട് (അതായത്., ക്രിസ്ത്യാനികൾ) അതവർക്കു കാണാൻ കഴിയില്ല." [22]"ക്രിസ്തുവിനെ പ്രസംഗിക്ക" എന്ന പാഠം നോക്കുക. പുതിയ നിയമഉപദേഷ്ടാക്കൻമാർ പ്രസംഗിച്ച വിഷയങ്ങളിൽ ഒന്നായിരുന്നു "ക്രിസ്തുവിനെ പ്രസംഗിക്കുക" എന്നതു. [23]ഏതു വഴിയാണ് ഷണ്ഡൻ സ്വീകരിച്ചതെന്നോ അവൻ എവിടെയെത്തിയി രുന്നുവെന്നോ നമുക്കു തീർച്ചയില്ല, അവന്റെ സ്നാനം നടന്ന പ്രത്യേകസ്ഥലവും നമുക്കറിഞ്ഞുകൂടാ പൊതുസ്ഥലങ്ങളിലെ കുളംപോലെ വെള്ളം കെട്ടികിടക്കുന്നതും സ്നാനത്തിന് അനുയോജ്യമായിരുന്നു. [24]കല്ലെടുക്കാൻ പറഞ്ഞകുട്ടിയുടെ ചിത്രീകരണം നിങ്ങൾ ഉപയോഗിച്ചി ല്ലെങ്കിൽ അതു ഇവിടെ യോജിക്കും. [25]ഇതു വാക്കുകളുടെ കളിയാണ് "എ വേ ഔട്ട്" എന്നതു പുറത്തേക്കുള്ള വഴിയാണ്; "എ വേ ഇൻ" എന്നതു പ്രവേശനത്തെ സൂചിപ്പിക്കുന്നു. "പുറത്തുപോകാൻ" വഴികണ്ടെത്തുന്നു (അല്ലെങ്കിൽ "ആൻ ഔട്ട്") എന്നതു കാരണം കണ്ടെത്തുന്ന തോ (ഒഴികഴിവു) പറയുന്നതോ ആണ്. [26]വചനപ്രകാരമുള്ള സ്നാനാർത്ഥികളല്ല ശിശുക്കൾ, കാരണം അവർക്കു വിശ്വസിപ്പാൻ കഴിവില്ല. [27]ഈ വാക്യത്തോടുകൂടിയ ആരംഭ കയ്യെഴുത്തു പ്രതി നമുക്കില്ലെങ്കിലും, രണ്ടാം നൂറ്റാണ്ടിലെ എഴുത്തുകാരനായിരുന്ന ഐറേനിയസ് ഈ വാക്യം എഴുതിയതു, സൂചിപ്പിക്കുന്നതു ഇതിനു മുൻകാല പ്രാബല്യമുണ്ടെന്നാണ്. ഒരു പക്ഷെ മാർജിനിൽ ഒരു ശാസ്ത്രി എഴുതിച്ചേർത്തതാകാം (പ്രാരംഭസഭയുടെ പരിശീലനമായിട്ട്). [28]ചില വാക്യങ്ങളിലും ചില തർജ്ജിമകളിലും, പര്യായ പദം ഉപയോഗിച്ചി ട്ടുണ്ട്, ഉദാഹരണമായി "പ്രൊഫെഷൻ." [29]എഡ്ഗാർ എ.ഗുഡ് സ്പീഡിന്റെ തർജ്ജിമയിൽ എഫെസ്യർ 5:26-ൽ ഏറ്റു പറച്ചിൽ കൂടെ ചേർത്തിട്ടുണ്ട്: "... മറ്റു പര്യായ പദങ്ങൾ ഉപയോഗിച്ചത് [സഭയെ] ആ ദരിക്കുവാൻ, അവനെ ഏറ്റു പറഞ്ഞ് വെള്ളത്തിലുള്ള സ്നാനങ്ങൾ ശുദ്ധീകരിച്ചശേഷം എന്നാണ്" (ദി ന്യൂടെസ്റ്റമെന്റ്: ആൻ അമേരിക്കൻ തർജ്ജിമ). [30]നാം നമ്മുടെ *ജീവിതത്തിൽ* മരണം വരെ, നമ്മുടെ അധരത്താൽ യേശുവിനെ ഏറ്റു പറയണം.

[31]പ്രവൃത്തി 1 ലെ 2:38 വിശദീകരിച്ചിരിക്കുന്നതു നോക്കുക. [32]രക്ഷക്കു സ്നാനമാവശ്യമില്ലെന്നു പറയുന്നവർ തെളിവിനായി റോമർ 10:9, 10 എടുക്കാറുണ്ട്. എന്നാൽ, റോമർ 10, *രക്ഷക്കു* സ്നാനം ആവശ്യമാണെന്ന ഊന്നൽ കൊടുത്തു പറയുന്നുണ്ട് (വാക്യങ്ങൾ 16, 21). സ്നാനത്തെ പറ്റി റോമർ 10:9, 10-ൽ പറയുന്നില്ല എന്നകാരണത്താൽ സ്നാനം രക്ഷക്കു ആവശ്യമില്ലെന്നു പറയുകയാണെങ്കിൽ 1 പത്രൊസ് 3:21-ൽ വിശ്വാസവും മാനസാന്തരവും പറയാത്തതുകൊണ്ട് അതു രക്ഷക്കു ആവശ്യമില്ലെന്നു പറയാവുന്നതല്ല. [33]"യേശു" എന്നതിന്റെ അക്ഷരിക അർത്ഥം "യഹോവ രക്ഷിക്കുന്നു," എന്നാണ്. അവൻ രക്ഷകനും ദൈവവുമാകുന്നു എന്നാണ് സൂചന. [34]പത്രൊസും (ഒരു പക്ഷേ ഷണ്ഡനും) "നല്ല ഏറ്റുപറച്ചിൽ" ഒരു *പ്രസ്താവനയായി* നടത്തി. എങ്ങനെയായാലും, യേശുവും "നല്ല ഏറ്റുപറച്ചിൽ" നടത്തിയിട്ടുണ്ട് (1 തിമൊഥെയൊസ് 6:13). അതു പിലാത്തൊസിന്റെ ചോദ്യത്തിനു *മറുപടി* പറഞ്ഞുകൊണ്ടാണ് (യോഹന്നാൻ 18:37). ഏതു വിധത്തിലായാലും സ്നാനത്തിനു മുൻപു ഏറ്റുപറച്ചിൽ വചനാനുസരണം തന്നെ. [35]ബൈബിൾ ബെൽട്ട്, "ഒരു നാമധേയവിഭാഗം പരിശീലിക്കുന്നതു പോലെ സഭ *വോട്ടി*നിടട്ടെ എന്നു പറഞ്ഞു കാത്തിരിക്കാൻ ഫിലിപ്പൊസു തയ്യാറായില്ല, എന്നു ഞാൻ കുറിക്കട്ടെ." [36]ഷണ്ഡനോടുകൂടെ ധാരാളം പേർ അനുഗമിക്കുന്നുണ്ടായിരുന്നെങ്കിൽ, തേർ

തെളിക്കുവാൻ ഒരാളും ഉണ്ടായേക്കാം. അപ്പോൾ അയാളോട് തേർ നിർത്തുവാൻ കല്പിച്ചിരിക്കാം. ഷണ്ഡൻ ഒറ്റക്കായിരുന്നെങ്കിൽ കുതിരകളോട് “വൊ!” എന്നു പറഞ്ഞിരിക്കാം. [37]ഈ പാഠത്തിലെ ചിന്താധാരക്കു പുറമെ, സ്നാനം ഒരു *അടക്കമായി* പൗലൊസ് ഊന്നി പറയുന്നുണ്ട് (റോമർ 6:3, 4; കൊലൊസ്യർ 2:12). [38]യേശു സ്നാനമേറ്റ ശേഷം ഉടനെ, “അവൻ വെള്ളത്തിൽ നിന്നു കയറി” എന്നു മത്തായി 3:16-ൽ പറയുന്നു. യോഹന്നാൻ 3:23-ൽ, യോഹന്നാൻ സ്നാപകൻ സ്നാനത്തിന് തിരഞ്ഞെടുത്തതു “ധാരാളം വെള്ളമുണ്ടായിരുന്ന സ്ഥലമായിരുന്നു” “തളിക്കുന്നതിനു” “ധാരാളം വെള്ളം” ആവശ്യമില്ല; മുങ്ങലിനു ധാരാളം വെള്ളം ആവശ്യമാണ്. [39]ജെ. ഡബ്ലിയു. മെക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ആക്ട്സ് ഓഫ് അപ്പൊസ്തൽസ്,* വാല്യം 1 (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., n.d.), 160. [40]പെട്ടെന്ന് എന്നതു ഷണ്ഡൻ ഫിലിപ്പൊസിനൊപ്പം പോകുന്നതു തടയുവാനായിരിക്കും ആ കാര്യവിചാരകൻ മടങ്ങിച്ചെന്നു തന്റെ സ്വന്തം ദേശത്തു സുവിശേഷം അറിയിക്കാനായിരുന്നു ദൈവം ഉദ്ദേശിച്ചതെന്നു സംശയരഹിതമായി പറയാം.

[41]ഇതാണ് കാര്യമെന്ന് യെശയ്യാവ് 56:3-5 പ്രവചിച്ചിരിക്കുന്നു. [42]ഇതാണ് പുരാതന നഗരമായ അസ്തോദ്. [43]നിങ്ങളുടെ ദേശത്തെ മതപരമായ സാഹചര്യത്തിനു യോജിക്കുന്നവ ഇതിനു സ്വീകരിക്കാം.




***പഴയനിയമകാലം***